പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3281

14.07.2015-ൽ മറുപടിക്ക്

## ഇ-സ്റ്റാമ്പിംഗ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.എം.പി.വിൻസെന്റ് | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | എ) സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | ബി) താഴെപ്പറയുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ ഇ-സ്റ്റാമ്പിംഗ് മൂലം കൈവരിയ്ക്കാൻ കഴിയുമെന്ന് കരുതുന്നു:<br>1. വ്യാജമുദ്രപ്പത്രങ്ങൾ തടയുവാൻ കഴിയുന്നു.<br>2. ഇ-സ്റ്റാമ്പിംഗ് മുഖേന, തുക ഒടുക്കിയ വിവരം ഓൺ ലൈനായി പരിശോധിക്കുവാൻ കഴിയുന്നതാണ്.<br>3. ഇ-സ്റ്റാമ്പിംഗ് പ്രകാരം ഡിഫേസിംഗ് സംവിധാനം ഉള്ളതിനാൽ തിരിമറികൾക്ക് സാധ്യതയില്ല.<br>4. സ്റ്റാമ്പ് വിതരണ നാൾവഴികൾ കമ്പ്യൂട്ടർ മുഖാന്തിരം ആയതിനാൽ തിരുത്തലുകൾക്ക് സാധ്യതയില്ല.<br>5. ഇന്റർനെറ്റ് ബാങ്കിംഗ് സംവിധാനം പ്രയോജനപ്പെടുത്തി ആർക്കും ഏത് സമയത്തും സ്റ്റാമ്പ് വാങ്ങാവുന്നതാണ്. |
| സി) വ്യാജ മുദ്രപത്രങ്ങൾ തടയുന്നതിന് ഇത് എത്രമാത്രം സഹായകരമാകും എന്നാണ് പ്രതീക്ഷിക്കുന്നത് ; | സി) ഇ-സ്റ്റാമ്പിംഗ് പ്രകാരം ഡിഫേസിംഗ് സംവിധാനം ഉള്ളതിനാലും സ്റ്റാമ്പ് വിതരണ നാൾവഴികൾ കമ്പ്യൂട്ടർ മുഖാന്തിരം ആയതിനാലും |

തിരുത്തലുകൾക്ക് സാധ്യതയില്ല. ഇത് വ്യാജ മുദ്രപ്പത്രങ്ങൾ തടയുവാൻ സഹായകമാണെന്ന് പ്രതീക്ഷിക്കുന്നു.

| | |
|---|---|
| ഡി) ഇത് സംബന്ധിച്ച നിയമ നിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ? | ഡി) ഇ-സ്റ്റാമ്പിംഗ് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേരള മുദ്രപത്ര നിയമത്തിൽ ഭേദഗതി വരുത്തുന്നതിനായി കേരള മുദ്രപ്പത്ര (ഭേദഗതി) നിയമം, 2015-ന്റെ കരട് ബില്ലിന് മന്ത്രിസഭാ യോഗം അംഗീകാരം നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ